**യസ്യ രാഷ്ട്രേ പ്രജാസ്സർവാസ്ത്രസ്യന്തേ സാധ്വ്യസാധുഭി:**
**തസ്യ മത്തസ്യ നശ്യന്തി കീർത്തിരായുർഭഗോ ഗതി: (1–17–10)**
**യദധർമ്മകൃത: സ്ഥാനം സൂചകസ്യാപി തദ്ഭവേത് (1–17–22)**
**അഭ്യർത്ഥിതസ്തദാ തസ്മൈ സഥാനാനി കലയേ ദദൌ**
**ദ്യൂതം പാനം സ്ത്രീയ: സൂനാ യത്രാധർമ്മശ്ചതുർവിധ: (1–17–38)**
**പുനശ്ച യാചമാനായാ ജാതരൂപമദാത് പ്രഭു: (1–17–39)**

സൂതൻ തുടർന്നു:
സംസ്കാരരഹിതനും അധാർമ്മികനുമായ ഒരു രാജാവിൻെറ വേഷത്തിൽവന്ന് കാളയെ തല്ലുകയും പശുവിനെ ചവിട്ടുകയും ചെയ്ത ഒരാളെ പരീക്ഷിത്ത് തടവിലാക്കി. പിന്നീടദ്ദേഹം കാളയോടു ചോദിച്ചു. “നീയാരാണ്? ഒറ്റക്കാലിലിങ്ങിനെ ചാടിനടക്കുന്നതെന്തുകൊണ്ട്? നിനക്കെങ്ങിനെയാണു മറ്റുകാലുകൾ നഷ്ടമായത്.? എൻെറരാജ്യത്ത് ഇത്തരമൊരുകാര്യം നടക്കാൻപാടില്ലാത്തതാണ്. ഒരു രാജാവിൻെറ അഭിമാനം, മാന്യത, ആയുസ്സ്, ഭാവിസ്വർഗ്ഗപ്രാപ്തി ഇവയെയെല്ലാം ബാധിക്കാൻ ദുഷ്ടരുടെയീപ്രവൃത്തിമതി. നിൻെറ ഈ സ്ഥിതിക്കു കാരണക്കാരനാരെന്നു പറഞ്ഞുതരൂ. ഞാനവനെ വകവരുത്തുന്നുണ്ട്.”

ബുദ്ധിമാനായ കാള മറുപടിപറഞ്ഞു: “നന്ദി മഹാരാജാവേ നന്ദി. സംരക്ഷണം വാഗ്ദാനം ചെയ്തതിൽ നന്ദിയുണ്ട്. പക്ഷെ ഈ ദുരിതത്തിൻെറ കാരണമാരെന്ന് എങ്ങിനെ പറയുവാനാവും? ചിലർ പറയുന്നത് അവനവൻെറ സ്വകർമ്മഫലമാണീജന്മത്തിൽ അനുഭവിക്കുന്നതെന്നാണ്. മറ്റുചിലർ പറയുന്നു പ്രകൃതി നിയമമാണെന്നും വിധിയാണെന്നും. ഇനിയുംചിലർ ഇത് വാക്കിനുംബുദ്ധിക്കും അപ്പുറത്തുള്ള കാരണങ്ങൾകൊണ്ടാണെന്നു പറയുന്നു.” കാളയുടെ സംഭാഷണത്തിനിടക്കു കയറി രാജാവ് പറഞ്ഞു. “അല്ലയോ വൃഷഭശ്രേഷ്ഠ: താങ്കൾ ധർമ്മംതന്നെ. ദുഷ്ടതയുടെ കാരണം തേടുന്നതുപോലും ദുഷ്ടതയാണെന്ന് അങ്ങറിയുന്നു. കഴിഞ്ഞയുഗത്തിൽ താങ്കൾക്ക് തപസ്സ്, ശുദ്ധി, ദയ, സത്യം എന്നീ നാലുകാലുകളുണ്ടായിരുന്നല്ലോ. അധാർമ്മികതകൊണ്ട് ആദ്യത്തെ മൂന്നു കാലുകളും പോയി. ഇപ്പോഴിതാ കലിയുഗം അവിടുത്തെ നാലാമത്തെക്കാലിനേയും ഭീഷണിപ്പെടുത്തുന്നു. ശ്രീകൃഷ്ണൻ ഭൂമിവിട്ടുപോയതിൽ പരിതപിക്കുന്ന ഭൂമിദേവിതന്നെയാണ് ആ നിൽക്കുന്നപശു എന്നും ഞാൻ മനസ്സിലാക്കുന്നു.”

അധാർമ്മികനായ മനുഷ്യനെ (കലിതന്നെ അയാൾ) നോക്കി പരീക്ഷിത്ത് പറഞ്ഞു. “നിനക്കെൻെറ രാജ്യത്തു സ്ഥാനമില്ല. നിൻെറ സാന്നിദ്ധ്യംകൊണ്ട് ഭൂമിയിൽ അധർമ്മം കൂടിയിരിക്കുന്നു. എങ്കിലും ശ്രീകൃഷ്ണശക്തികൊണ്ട് ഈ രാജ്യത്തിപ്പോഴും ഭക്തിക്കും ധർമ്മത്തിനുമാണു സ്ഥാനം.” രാജാവിൻെറ മുൻപിൽ പേടിച്ചുവിറച്ച് കലി യാചിച്ചു. “എനിക്കു താമസിക്കാൻ പറ്റിയസ്ഥലങ്ങൾ ദയവായി പറഞ്ഞുതന്നാലും. പിന്നെ അങ്ങേക്ക് യാതൊരുബുദ്ധിമുട്ടും ഉണ്ടാക്കാതെ ഞാൻ കഴിഞ്ഞുകൊള്ളാം.”

കുറച്ചുനേരത്തെ ഗാഢാലോചനക്കുശേഷം പരീക്ഷിത്ത് പറഞ്ഞു. “നീ അധർമ്മത്തിൻേറയും ദുഷ്ടതയുടേയും പര്യായമാണല്ലൊ. നിനക്ക് ചൂതുകളിസ്ഥലത്തും മദ്യത്തിലും കാമാർത്തകളായ സ്ത്രീകളിലും അറവുശാലകളിലും സ്വർണ്ണത്തിലും വസിക്കാം. ചതി, ലഹരി, കാമം, ഹിംസ, ശത്രുത എന്നിവയെല്ലാം പ്രകടിപ്പിച്ച് നിനക്കവിടെ ജീവിക്കാം.”

മുനിവര്യരേ, സത്യാന്വേഷിയായ ഉപാസകർ മേല്പ്പടി അഞ്ചുകാര്യങ്ങളിൽനിന്നും തീർത്തും വിട്ടുനിൽക്കേണ്ടതാണ്. കാളയുടെ മൂന്നുകാലുകളും വീണ്ടെടുത്തേൽപ്പിച്ച് ഭൂമിദേവിയെ സമാധാനിപ്പിച്ചശേഷം മഹാരാജാവ് രാജധാനിയിലേക്കുതിരിച്ചു.